(ബി) എങ്കിൽ പെൻഷൻ പദ്ധതി അംഗീകരിക്കുന്നതിനോ പെൻഷൻ തുക അനുവദിക്കുന്നതിനോ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം അനുസരിച്ച് ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനായി സംസ്ഥാന സർക്കാർ ഫണ്ട് വകയിരുത്തിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള നടപടി ആരംഭിക്കുമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(സി) തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കുറഞ്ഞത് 15 ദിവസം പണിയെടുത്ത തൊഴിലാളികൾക്ക് രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന പ്രകാരമുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഇതിലേക്കായി സംസ്ഥാന ഫണ്ട് വകയിരുത്തിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി

33 (1407) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ബ്ലോക്കിലെ ഗ്രാമപഞ്ചായത്തുകളിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ 100 ദിനങ്ങൾക്ക് പുറമെ 100 അധിക ദിവസങ്ങൾ കൂടി ഏറ്റെടുക്കാമെന്ന് പ്രഖ്യാപിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) അതിനായി എത്ര തുകയ്ക്കാണ് ഭരണാനുമതി നല്കിയിരുന്നത് എന്നും അതനുസരിച്ച് എത്ര കുടുംബങ്ങൾക്ക് 200 ദിവസം തൊഴിൽ ലഭ്യമാക്കി എന്നും പറയാമോ;

(സി) നടപ്പ് സാമ്പത്തികവർഷത്തിൽ ഇപ്രകാരം അട്ടപ്പാടിയിൽ എത്ര കുടുംബങ്ങൾക്ക് 200 ദിവസം തൊഴിൽ ലഭിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly.

(ബി) 2014-15 സാമ്പത്തിക വർഷം അട്ടപ്പാടി ബ്ലോക്കിൽ, തൊഴിലുറപ്പ് പദ്ധതിയിലെ 100 പ്രവൃത്തിദിനങ്ങൾക്ക് പുറമേ അധികമായി 100 പ്രവൃത്തി ദിനങ്ങൾ അനുവദിക്കുന്നതിന് 577.60 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്നു. പ്രസ്തുത വർഷം 4 കുടുംബങ്ങൾക്ക് ആവശ്യാധിഷ്ഠിതമായി 200 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്.

(സി) 2015-16 വർഷം നാളിതുവരെയുള്ള കണക്ക് അനുസരിച്ച് 11 കുടുംബങ്ങൾക്ക് 200 പ്രവൃത്തി ദിനങ്ങൾ ലഭിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ

34 (1408) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്ത് എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) 2015-16 വർഷത്തിൽ നാളിതുവരെ സംസ്ഥാനത്ത് എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു; എത്ര കുടുംബങ്ങൾക്ക് അതിന്റെ ഫലം ലഭിച്ചു, വിശദാംശം ലഭ്യമാക്കാമോ;

(സി) തൊഴിലുറപ്പ് പദ്ധതിയുടെ വനിതാ പ്രാതിനിധ്യം സംബന്ധിച്ച കണക്ക് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ഡി) കൃഷിയുടെയും അനുബന്ധ മേഖലകളുടേയും ശാക്തീകരണത്തിനായി തൊഴിലുറപ്പ് സംവിധാനം ഏതെല്ലാം തരത്തിൽ ഉപയോഗപ്പെടുത്തി വരുന്നു എന്ന് വ്യക്തമാക്കാമോ;

(ഇ) തൊഴിലുറപ്പ് ജോലി ചെയ്തിട്ട് കൂലി ലഭിക്കാത്തത് സംബന്ധിച്ച് പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) അനുബന്ധം 1 * ആയി ചേർത്തിരിക്കുന്നു.

(ബി) അനുബന്ധം 2 * ആയി ചേർത്തിരിക്കുന്നു.

(സി) അനുബന്ധം 3 * ആയി ചേർത്തിരിക്കുന്നു.

(ഡി) അനുബന്ധം 4 * ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly